File No.TCPCTP/3257/2019-C2

**<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തൃശ്ശൂർ ജില്ല - അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത്- ആമ്പല്ലൂർ വില്ലേജ് - പെട്രോൾ പമ്പ് നിർമ്മാണത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30/08/2019 ലെ A5/5241/2019 നമ്പർ കത്ത്.
2. തൃശ്ശൂർ ടൗൺ പ്ലാനറുടെ 13/12/2019 ലെ TCPTSR/2151/2019-C1 നമ്പർ കത്ത്.

---

<u>കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം</u>

ഉത്തരവ്. നം. TCPCTP/3257/19-C2 തീയതി:**11/02/2020**

---

തൃശ്ശൂർ ജില്ലയിലെ അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ആമ്പല്ലൂർ വില്ലേജിൽ സർവ്വേ നമ്പർ 431/3 ൽ ഉൾപ്പെട്ട 2422 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിന്നും 1225 ച.മീ സ്ഥലം വേർതിരിച്ച് 364 ച.മീ വിസ്തൃതിയിൽ (കനോപ്പി-325 ച.മീ+ഓഫീസ് ബിൽഡിംഗ്-39 ച.മീ) Group I Hazardous Occupancy - ൽ ഉൾപ്പെടുന്ന പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ജോസ് പോൾ ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ - ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി.ആർ -2011-ലെ മുഴുവൻ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായിരിക്കണം.
2. കെ.പി.ബി.ആർ. 2011 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥതസംബന്ധിച്ച രേഖകൾ , അളവുകൾ, അതിരുകൾ, സർവ്വേ നമ്പറുകൾ, വിസ്തീർണ്ണം, ഭൂമിയുടെ സ്വഭാവം, റവന്യൂ വിശദാംശങ്ങൾ എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമീപ പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖരദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ശാസ്ത്രീയ സജ്ജീകരണങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്കനുസൃതമായി സജ്ജീകരിക്കേണ്ടതാണ്.
4. ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ നിന്നും, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും, മറ്റു ഏജൻസികളിൽ നിന്നും നിയമാനുസൃതം ആവശ്യമായ അംഗീകാരങ്ങൾ ലഭ്യമാക്കേണ്ടതാണ്.
5. ടി നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാക്രമീകരണങ്ങൾ

ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. ടി നിർമ്മാണവും പ്രവർത്തനവും പരിസരവാസികളുടെ സ്വൈരജീവിതത്തെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ അല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
7. ഇൻ സിറ്റു ലിക്വിഡ് വേസ്റ്റ് മാനേജ്മെന്റ്/ട്രീറ്റ്മെന്റ് പ്ലാന്റ്, റീ സൈക്ലിംഗ് & റീ യൂസിംഗ് ഓഫ് വേസ്റ്റ് വാട്ടർ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. നിർമ്മാണ സ്ഥലം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ന്റെ വിധേയമായിരിക്കണം.
9. കെ.പി.ബി.ആർ-2011 ചട്ടം 43 പ്രകാരമുള്ള അളവുകൾ കെട്ടിട ഭാഗങ്ങൾക്ക് ലഭ്യമാക്കിയതിന് ശേഷമേ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകാവൂ.
10. പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള 2422 ച,മീറ്റർ സ്ഥലവിസ്തീർണ്ണം പരിഗണിച്ചിട്ടുള്ളതിനാൽ ആയതിലെ ഭേദഗതികൾ ചട്ടപ്രകാരമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :31/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>**

ഉത്തരവിൻ പ്രകാരം

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ
(ചീഫ് ടൗൺപ്ലാനർക്കുവേണ്ടി)

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, അളഗപ്പ നഗർ ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ശ്രീ. ജോസ് പോൾ, മഞ്ഞളിഹൗസ്, അളഗപ്പനഗർ.പി.ഒ,ആമ്പല്ലൂർ, തൃശ്ശൂർ-680302
2. ടൗൺ പ്ലാനർ, തൃശ്ശൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം